1B4A23196 (Pages : 2) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA/B.Sc Malayalam Degree Examination, April 2023**

**BML4A10 – Malayala Sahithyam – 4**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. ആശയവിനിമയം എന്ന സങ്കല്പത്തിൽ രണ്ട് വ്യത്യസ്ത ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. അവ ഏവ?
2. അംഗവിക്ഷേപ ശാസ്ത്രം എന്നാൽ എന്ത്?
3. നപുംസക വിശേഷങ്ങളുടെ പ്രത്യേകതയെന്ത്?
4. ബഷീറിന്റെ പ്രേമലേഖനത്തിലെ ഏത് സന്ദർഭമാണ് കാരശ്ശേരി എടുത്തു പറയുന്നത്?
5. വീട്ടുവഴക്കുകളിലെ പ്രധാനപ്പെട്ട ഇനമേതാണ്?
6. സാഹിത്യകൃതികളെയും സാഹിത്യകാരന്മാരെയും മതങ്ങളും നീതി പീഠങ്ങളും വിചാരണയ്ക്ക് വിധേയമാക്കുന്നതെന്തുകൊണ്ടാണ്?
7. ബഷീർ കൃതികളുടെ ഇംഗ്ലീഷ് വിവർത്തനങ്ങളിലൂടെ പ്രസിദ്ധനായ വിവർത്തകനാര്?
8. നൂറുസിംഹാസനങ്ങൾ എന്ന നോവലിലെ കേന്ദ്രകഥാപാത്രത്തിന്റെ പേരെന്ത്?
9. " എങ്കിലും അത് ഫലനിർമ്മാണശക്തിയുടെ അന്ത്യമല്ല, ആരംഭമാണ്കുറിക്കുന്നത്"- ഏത്?
10. മനുഷ്യർ പ്രബുദ്ധരാകുമ്പോൾ സംഭവിക്കുന്നതെന്ത്?
11. പാലം മുറിഞ്ഞ് വെള്ളത്തിൽ വീണ് മുങ്ങിപ്പൊങ്ങുന്നതിനിടയിലും നമ്പൂരിശ്ശനുണ്ടായ ശങ്കയേത്?
12. " ഈ തിരിച്ചറിവ് ഇപ്പോൾ പാശ്ചാത്യസർവ്വകലാശാലകളിൽ ഉണ്ടായിതുടങ്ങിയിട്ടുണ്ട്" . ഏത് തിരിച്ചറിവ്?
13. മാരാർ ബാല്യകാല സഖിയെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയതെന്ത്?
14. നീയെന്തൊരു സുധീരപുഷ്പമാണെന്ന് കവി പറയാൻ കാരണമെന്ത്?
15. 'എച്ചിൽ' ഏതു കൃതിയുടെ മലയാള പരിഭാഷയാണ് ?

[2 x 15 = 30 പരമാവധിമാർക്ക്25]

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരംഎഴുതുക.**

16. ആശയവിനിമയപ്രക്രിയയിലെ അഞ്ച് ഘടകങ്ങൾ ഏവ? വിവരിക്കുക.
17. "ഇന്ന് പഞ്ചാനനന്മാർ ഇരുമ്പഴിക്കുള്ളിലും വനത്തിലുമേഉള്ളൂ"- വിശദീകരിക്കുക.
18. ഭക്ഷണത്തിന്റെ കാര്യത്തിലെ പലതരം വിലക്കുകളെക്കുറിച്ച് കാരശ്ശേരി പറയുന്നതെന്തെല്ലാമാണ്?
19. സൗന്ദര്യാത്മക വിദ്യാഭ്യാസം വൈകാരിക വിദ്യാഭ്യാസം തന്നെയാണെന്ന് പറയുന്നതെന്തുകൊണ്ട്?
20. "വെറുതെയല്ല ഇതുപോലൊരു മനോഹാരിത താൻ മറ്റെങ്ങും കണ്ടിട്ടില്ല എന്ന്മാരാർ സാക്ഷ്യപ്പെടുത്തിയത് " - സന്ദർഭമേത്?
21. ആദാമിന്റെയും ഹവ്വയുടെയും ഐതിഹ്യം സാമൂഹ്യപ്രാധാന്യമുള്ളതാണെന്ന് പറയാൻ കാരണമെന്ത്?
22. സംഘടന കൊണ്ട്ശക്തരാകേണ്ടതിന്റെ ആവശ്യകത എന്ത്?
23. 'വ്യാജ സൂചനകൾ' എന്ന കവിതയ്ക്ക് ലഘു ആസ്വാദനം തയ്യാറാക്കുക.?

**[5 x 8 = 40 പരമാവധിമാർക്ക്35]**

**ഏതെങ്കിലും രണ്ട്ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക**

24. റിപ്പോർട്ടും, ലേഖനവും, പരിഭാഷയും തയ്യാറാക്കുമ്പോൾ വ്യത്യാസമൂലതയും, ദുർഗ്രഹതയും, ദുഷ്പ്രതീതിയും ഒഴിവാക്കാൻ ഏതെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ്സി.വി. ഭട്ടതിരിപ്പാട് പറയുന്നത്?
25. ബാല്യകാലസഖിയുടെ വിവർത്തനത്തിനുണ്ടായിട്ടുള്ള പരിമിതികളെന്ത്? നിരൂപകന്റെ അഭിപ്രായത്തിൽ അതിന്റെ കാരണമെന്ത്?
26. അധഃകൃതരെന്നു മുദ്രകുത്തപ്പെട്ടവരുടെ ആത്മനൊമ്പരത്തിന്റെ പ്രതിഫലനമാണ്സ്വന്തം ജീവിതകഥ ആവിഷ്ക്കരിച്ചുകൊണ്ട് ഓംപ്രകാശ് വാത്മീകി അവതരിപ്പിച്ചിരിക്കുന്നത്. വിവരിക്കുക.
27. ദളിത്നോവലുകളുടെ രാഷ്ട്രീയം നൂറു സിംഹാസനങ്ങൾ എന്ന നോവലിനെ ആസ്പദമാക്കി വിവരിക്കുക?

**[2 x 10 = 20]**

40

1B4A23197 (Pages : 3) Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2023**

**BML4B05 – Prajeena Madhyakala Malyala Kavitha**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

I ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

1. പാട്ടിന് ലീലാതിലകകാരൻ നൽകുന്ന ലക്ഷണം?
2. "മുല്ലപ്പൂവിൻപരിമളമെഴും തെന്റൽ തീയെന്റപോലെ" തോന്നാനുള്ള കാരണമെന്ത്?
3. ഗാഥ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
4. ഭാഷാചമ്പുക്കളിൽ ഏറ്റവും പ്രാക്തനമായ കൃതിയേത്?
5. കൃഷ്ണഗാഥയ്ക്ക് ആധാരമായ ഇതിവൃത്തം സ്വീകരിച്ചിട്ടുള്ളത് എവിടെ നിന്ന്?
6. ബദറുൽമുനീർ - ഹുസ്നുൽ ജമാൽ എന്ന കാവ്യത്തിന്റെ കർത്താവാര് ?
7. തുള്ളൽ എത്രവിധം? ഏതെല്ലാം?
8. "കൊല്ലിക്കയത്രേ നിനക്കു രസമെടോ" ആര് ആരോടു പറയുന്നു?
9. ഉണ്ണുനീലിയുടെ വീട്ടുപേര്?
10. കുചേലവൃത്തം വഞ്ചിപ്പാട്ടിന് അവലംബമായ കഥ എടുത്തിട്ടുള്ളത് എവിടെ നിന്ന്?
11. "അക്രൂരനെന്നെന്തു ചൊല്ലുവാനെല്ലാരും?
അക്രൂരനല്ലിവൻ ക്രൂരനത്രെ" ആരാണിങ്ങനെ അഭിപ്രായപ്പെടുന്നത്?
സന്ദർഭമേത്?
12. എഴുത്തച്ഛന്റെ കല ആരുടെ കൃതി?

13. കണ്ണശ്ശന്മാർ എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം?

14. ഇരവിക്കുട്ടിപ്പിള്ളപ്പാട്ട് കേരളത്തിന്റെ ഏതു പ്രദേശത്തെയാണ് പ്രതിനിധീകരിക്കുന്നത്?

15. ഏതെങ്കിലും നാലു കിളിപ്പാട്ടു വൃത്തങ്ങളുടെ പേരെഴുതുക.

**(2 X 15** = 30 പരമാവധി മാർക്ക് 25)

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. രാമചരിതത്തിന്റെ രചനാലക്ഷ്യമായി കവി ചൂണ്ടിക്കാട്ടുന്നതെന്ത്?

17. സന്ദേശകാവ്യസ്വരൂപം വ്യക്തമാക്കി ഉണ്ണുനീലിസന്ദേശത്തിന് അതെത്രത്തോളം യോജിക്കുന്നുവെന്ന് പരിശോധിക്കുക.

18. "പട്ടുകിടക്ക മേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ!" ആരാണിങ്ങനെ വിലപിക്കുന്നത്? സന്ദർഭമേത്?

19. ചമ്പു എന്നാൽ എന്ത്? മധ്യകാലചമ്പുക്കളിൽ ഭാഷാനൈഷധം ചമ്പുവിനുള്ള പ്രാധാന്യമെന്ത്?

20. മാപ്പിളപ്പാട്ടുകളുടെ സവിശേഷതകൾ ബദറുൽമുനീർ-ഹുസ്നുൽ ജമാൽ മുൻനിർത്തി ചുരുക്കി അവതരിപ്പിക്കുക.

21. "ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും
ഇല്ലം വീണു കുത്തുമാറായതും കണ്ടാലും" ഈ വരികളുടെ സാംഗത്യം പരിശോധിക്കുക.

22. ഹനുമാൻ സമുദ്രലംഘനത്തിനു തയ്യാറെടുക്കുമ്പോൾ മഹേന്ദ്രപർവ്വതത്തിനുണ്ടായ ദൈന്യം ആവിഷ്കരിക്കുന്നതെങ്ങനെ?

23. "അതിനാലിബ്ഭാഷാകവിത മഹാവൈഷമ്യം" ഏതിനാൽ?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. പാട്ട്, മണിപ്രവാളം എന്നീ പ്രസ്ഥാനങ്ങൾ പരിചയപ്പെടുത്തുക.

25. പാട്ടിനു ലീലാതിലകകാരൻ നൽകുന്ന ലക്ഷണം രാമചരിതത്തിന് എത്രത്തോളം യോജിക്കുന്നുവെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

26. "പുരാണകഥ പറയുമ്പോഴും കേരളീയമായ പശ്ചാത്തലത്തിൽ പറയുകയെന്ന നമ്പ്യാരുടെ പതിവുശൈലി ഘോഷയാത്രയിലും കാണാം" വിലയിരുത്തുക.

27. ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ പൊട്ടൻതെയ്യം നിലകൊള്ളുന്നതെങ്ങനെ?

(2X 10 = 20 മാർക്ക്)

1B4A23198 (Pages : 3) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2023**

**BML4B06 –Malyala Novel Sahithyam**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1. സാമൂഹിക നോവൽ - കുറിപ്പെഴുതുക
2. "വാതിൽ തുറന്നു. അപ്പോൾ അതിൽ നിന്നും ഒരു സ്വർണ്ണ വിഗ്രഹം പുറത്തേക്കുചാടി" ആരെയാണ് പരാമർശിക്കുന്നത്. സന്ദർഭം വ്യക്തമാക്കുക.
3. 'പുതിക്കൊത്ത ആറു കെട്ട്യോൻ ബന്നാൽ അയിന്റെ സൊഹം ബെറെതന്യ" ഉമ്മാച്ചു ഇങ്ങനെ നെടുവീർപ്പിടാൻ കാരണം ?
4. ഖസാക്കിലെ ഓത്തുപള്ളിയിലിരുന്ന് അള്ളാപ്പിച്ച മൊല്ലാക്ക കുട്ടികൾക്കു പറഞ്ഞു കൊടുത്ത കഥയെന്ത് ? വ്യക്തമാക്കുക.
5. സുമിത്രാനന്ദ എന്ന കഥാപാത്രത്തിന്റെ സ്ത്രീ ജീവിതത്തിലെ മൂന്ന് മുഖങ്ങൾ ഏതെല്ലാം ?
6. മാർത്താണ്ഡവർമ്മയിലെ സുഭദ്ര എന്ന കഥാപാത്രത്തിന്റെ പ്രാധാന്യമെന്ത് ?
7. പുരോഗമന സാഹിത്യ പ്രസ്ഥാനമെന്ത് ? കുറിപ്പെഴുതുക.
8. അങ്ങനെയൊള്ള മനുഷ്യരൊന്നും മനുഷ്യരല്ല ജമീലാ മൃഗങ്ങളാ........ആര് ആരോട് പറയുന്നതാണ് ഈ വാക്കുകൾ ? സന്ദർഭമേത് ?
9. സുഹറയേയും കൂടി പള്ളിക്കൂടത്തിൽ അയച്ചു പഠിപ്പിക്കാൻ മജീദ് ആവശ്യപ്പെട്ടപ്പോൾ അവന്റെ ബാപ്പയുടെ പ്രതികരണമെന്തായിരുന്നു. ?
10. പ്രകാശവും പുകയും ഒപ്പം പരത്തുന്ന തീയാണോ പെണ്ണ് -ആരെക്കുറിച്ചാണ് പരാമർശിക്കുന്നത്? സന്ദർഭം വ്യക്തമാക്കുക.
11. ജനപ്രിയ നോവൽ എന്നാൽ എന്ത് ?

12. പുലയപ്പാട്ടിലെ ഗൗതമന്റെ ആഗ്രഹം എന്തായിരുന്നു ?

13. "തലീ തട്ടം പോഡെറീ" ആര് ആരെയാണ് ഇങ്ങനെ ശാസിച്ചത്. കാരണമെന്ത്?

14. കൊച്ചരേത്തി ഒരു കീഴാളനോവൽ ആകുന്നത് എന്തുകൊണ്ട് ?

15. ഇന്ത്യാ വിഭജനത്തെ പരാമർശിക്കുന്ന നോവലേത് ? സാഹചര്യം വ്യക്തമാക്കുക.

**(2 X 15** = 30 പരമാവധി മാർക്ക് 25)

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16 അപ്പുക്കിളിയുടെ കഥാപാത്രഘടനയെ വിവരിക്കുക ?.

17. "ഇതവന്റെ രാമത്തെ മരണമാണ് നിറകണ്ണുകളോടെ തൊയിടറി ഇട്ട്യാതി ഒരിക്കൽ കൂടി ആ സംഭവം ഓർത്തു" സന്ദർഭം വ്യക്തമാക്കി സംഭവം വിവരിക്കുക.

18. 'ഇതും എന്റെ കൈയോണ്ട്വ വേണം ". ചാപ്പുണ്ണിനായർ ഇങ്ങനെ പറഞ്ഞ സന്ദർഭം ഏതു? കാരണം വ്യക്തമാക്കുക.

19. അനന്തപത്മനാഭന്റെയും പാറുക്കുട്ടിയുടെയും പുനർസമാഗമം നോവലിൽ എപ്രകാരമാണ് വർണിച്ചിരിക്കുന്നത്? വ്യക്തമാക്കുക

20. ബാല്യകാലസഖിയിലൂടെ ബഷീർ അവതരിപ്പിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ എന്തെല്ലാം?

21. ശ്രീപോർക്കലി ഭഗവതിയാണെ ഞാൻ ഇന്ദുലേഖയെ മാധവനു കൊടുക്കുകയില്ലാ" - പഞ്ചുമേനോന്റെ ശപഥകാരണമെന്ത്? വിവരിക്കുക.

22 ഭ്രാന്താലയത്തിലെ പാത്തുമ്മ ശക്തമായ സ്ത്രീകഥാപാത്രമാണ്. വിലയിരുത്തുക.

23 ആധുനികാനന്തര നോവലിന്റെ പൊതുപ്രവണതകൾ എന്തെല്ലാം? വിലയിരുത്തുക.

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

III ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾ **രണ്ടു** പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ചരിത്രനോവലിന്റെ പ്രാധാന്യം മാർത്താണ്ഡവർമ്മയിലെ ഇതിവൃത്തത്തെ മുൻനിർത്തി ഉപന്യസിക്കുക.

25. തമസ്കരിക്കപ്പെട്ട കലാപങ്ങളുടെയും വിലാപങ്ങളുടെയും ചരിത്രമാണ് പുലയപ്പാട്ട്. വിശകലനം ചെയ്യുക.

26. അകൃത്രിമമായ ജീവിതാനുഭവങ്ങളുടെ ഏറ്റവും പച്ചയായ ആവിഷ്കാരമാണ് ബാല്യകാലസഖി. സമർത്ഥിക്കുക.

27. "സ്ത്രീയുടെ അസംഖ്യം ചരിത്രമുഖങ്ങളാണ് ദേവി ബഹനിലും തങ്കം നായരിലും വന്നുചേർന്നിരിക്കുന്നത്". അഗ്നിസാക്ഷിയിലെ സ്ത്രീകഥാപാത്രങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

(2X 10 = 20 മാർക്ക് )

1B4A23199

(Pages : 1)

Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2023**

**BML4C04 – Kerala Padanam Adunika Keralam**

(2019 Admission onwards)

Time: 1 ½ hours

Max. Marks : 40

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. മലയാളി മെമ്മോറിയൽ എന്നാൽ എന്ത്?
2. യോഗക്ഷേമസഭയുടെ ലക്ഷ്യം എന്തായിരുന്നു?
3. പുന്നപ്ര വയലാർ സമരത്തിലേക്ക് നയിച്ച രാഷ്ട്രീയ കാരണങ്ങൾ എന്തെല്ലാമായിരുന്നു?
4. പ്രത്യക്ഷ രക്ഷാദൈവസഭ സ്ഥാപിച്ചതാര്? അതിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യമെന്തായിരുന്നു?
5. 'വില്ലുവണ്ടിസമരം' എന്നാൽ എന്ത്?
6. മക്തി തങ്ങളെ 'മാതൃഭാഷയുടെ പോരാളി' എന്നു വിളിക്കാൻ കാരണമെന്ത്?

(6 x 2= 12പരമാവധി 10 മാർക്ക്)

**II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക.**

7. വിമോചനസമരം
8. ക്ഷേത്രപ്രവേശനവിളംബരം
9. വൈക്കം സത്യാഗ്രഹം
10. ഗ്രന്ഥശാലാ പ്രസ്ഥാനം
11. അയ്യങ്കാളി
12. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

(6 x 4= 24 പരമാവധി 20 മാർക്ക്)

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. 'ശ്രീനാരായണ ഗുരുവും കേരളീയ നവോത്ഥാനവും' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക
14. 'സമകാല കേരളീയ സംസ്കാരരൂപീകരണത്തിൽ നവമാധ്യമങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

(1 x 10 = 10 മാർക്ക്)